പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2518

12/06/2018 - ൽ മറുപടിക്ക്

## ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം

ചോദ്യം

ശ്രീ.ബി.ഡി.ദേവസ്സി

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| എ) | അതിരപ്പിള്ളി പഞ്ചായത്തിലെ ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം ഭരണ സമിതിയുടെ ഘടന പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | എ) | ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘത്തിന്റെ ഭരണ സമിതി അംഗങ്ങളുടെ എണ്ണം 15 ആയി നിജപ്പെടുത്തിക്കൊണ്ടും നിലവിലുള്ള എക്സ്-ഒഫീഷ്യോ അംഗങ്ങളുടെ എണ്ണം 12 ൽ നിന്നും 9 ആയി കുറച്ചുകൊണ്ടും അവശേഷിക്കുന്ന 6 അംഗങ്ങളെ സംഘത്തിൽ പൊതു അംഗങ്ങളായിട്ടുള്ളവരിൽ നിന്നും തെരഞ്ഞെടുപ്പ് മുഖേന നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ച് സംഘത്തിന്റെ നിയമാവലി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ പുതുക്കിയ ഭരണ സമിതി സംബന്ധിച്ച വിശദ വിവരം വ്യക്തമാക്കാമോ? | ബി) | മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 12 എക്സ്-ഒഫീഷ്യോ അംഗങ്ങളിൽ നിന്നും ബി.ഡി.ഒ-ചാലക്കുടി, ഡി.പി.ഒ-തൃശ്ശൂർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ലോക്കൽ വർക്ക്), ഇരിങ്ങാലക്കുട എന്നീ 3 അംഗങ്ങളെ ഒഴിവാക്കി ബാക്കിയുള്ള 9 പേരെ എക്സ്-ഒഫീഷ്യോ അംഗങ്ങളാക്കി നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ